## ഇലക്ട്രോണിക്സ് വ്യവസായ മേഖല

ജി. ഒ. (എംഎസ്.) നമ്പർ 99/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ജൂലൈ 27.*

**എസ്.ആർ.ഒ. നമ്പർ 478/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ (5)-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2011 ജനുവരി 21-ാം തീയതിയിലെ 133-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ജനുവരി 20-ാം തീയതിയിലെ 26905/ഇ1/2010/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ എക്സ്പോർട്ട് പ്രോസസ്സിംഗ് സോൺ ഉൾപ്പെടെയുള്ള "ഇലക്ട്രോണിക്സ് വ്യവസായ" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

### പട്ടിക

**I. അടിസ്ഥാനവേതനം**

| *ക്രമ നമ്പർ* | *വിഭാഗം/ജോലി* | *നിശ്ചയിക്കുന്ന അടിസ്ഥാനവേതനം* |
|---|---|---|
| (1) | (2) | (3) |
| | <u>വിഭാഗം എ</u> | |
| 1 | മാനേജർ | ₹ 8,895 |
| 2 | കോ-ഓർഡിനേറ്റർ | |

| (1) | (2) | (3) |
|---|---|---|
| വിഭാഗം ബി | | |
| 1 | അസിസ്റ്റന്റ് മാനേജർ | ₹ 7,180 |
| 2 | ഡെപ്യൂട്ടി മാനേജർ | |
| 3 | ഫ്രന്റ് ഓഫീസ് മാനേജർ | |
| 4 | പ്രൊഡക്ഷൻ കൺട്രോളർ | |
| 5 | ക്വാളിറ്റി കൺട്രോളർ, എഞ്ചിനീയർ | |
| വിഭാഗം സി | | |
| 1 | സൂപ്പർവൈസർ | ₹ 6,525 |
| 2 | സൂപ്പർവൈസർ (പ്രൊഡക്ഷൻ) | |
| 3 | സൂപ്പർവൈസർ (ടെക്നിക്കൽ) | |
| 4 | സൂപ്പർവൈസർ (നോൺ ടെക്നിക്കൽ) | |
| 5 | ഫോർമാൻ, സൂപ്രണ്ട് | |
| 6 | പേഴ്സണൽ അസിസ്റ്റന്റ് | |
| 7 | ചീഫ് ഡിസൈൻ ഡ്രാഫ്റ്റ്സ്മാൻ | |
| 8 | ചീഫ് ടെക്നീഷ്യൻ | |
| 9 | ക്വാളിറ്റി സൂപ്പർവൈസർ | |
| വിഭാഗം ഡി | | |
| 1 | ഓപ്പറേറ്റർ, ക്വാളിറ്റി ഇൻസ്പെക്ടർ | ₹ 5,930 |
| 2 | ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ | |
| 3 | മെക്കാനിക്, ഡിസൈൻ ഡ്രാഫ്റ്റ്സ്മാൻ | |
| 4 | ടെക്നിക്കൽ സപ്പോർട്ടർ | |
| 5 | അക്കൗണ്ടന്റ് | |
| 6 | ഓഫീസ് അസിസ്റ്റന്റ്, ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് | |
| 7 | സ്റ്റെനോഗ്രാഫർ, ടൈപ്പിസ്റ്റ് | |
| 8 | ടെലിഫോൺ ഓപ്പറേറ്റർ | |
| 9 | കമ്പ്യൂട്ടർ ഓപ്പറേറ്റർ റിസപ്ഷനിസ്റ്റ് | |
| 10 | കാഷ്യർ | |

| (1) | (2) | (3) |
|---|---|---|
| വിഭാഗം ഇ | | |
| | 1 ലാബ് അസിസ്റ്റന്റ് | ₹ 5,650 |
| | 2 ഡ്രൈവർ, സ്റ്റോർ അസിസ്റ്റന്റ് | |
| വിഭാഗം എഫ് | | |
| | 1 പാക്കർ | ₹ 5,240 |
| | 2 അവിദഗ്ദ്ധ ഓപ്പറേറ്റർ | |
| വിഭാഗം ജി | | |
| | 1 ഹെൽപ്പർ, വാച്ച്മാൻ | ₹ 4,715 |
| | 2 സെക്യൂരിറ്റി ഗാർഡ്, ഓഫീസ് ബോയ് | |
| വിഭാഗം എച്ച് | | |
| | ക്ലീനർ, സ്വീപ്പർ | ₹ 4,480 |

II. **ക്ഷാമബത്ത**

(1) മേൽപ്പറഞ്ഞ അടിസ്ഥാനവേതനത്തിന് പുറമേ എല്ലാ വിഭാഗം ജീവനക്കാർക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ കേന്ദ്രത്തിനുവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന (1998-99=100) എന്ന ഉപഭോക്തൃവില സൂചികയുടെ 130 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 23 രൂപ 40 പൈസ (ഇരുപത്തിമൂന്ന് രൂപ നാൽപ്പത് പൈസ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

(2) ഇടുക്കി, വയനാട് ജില്ലാ ആസ്ഥാനങ്ങൾക്ക് പ്രത്യേക ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നതുവരെ പ്രസ്തുത ജില്ലകൾക്ക് യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**III. സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഒരു സ്ഥാപനത്തിൽ/ഒരു തൊഴിലുടമയുടെ കീഴിൽ അഞ്ചുവർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവനകാലയളവിനും ഒരു ശതമാനം വീതം മൊത്തം 15 ശതമാനത്തിൽ കവിയാത്ത തുക സർവ്വീസ് വെയിറ്റേജ് ആയി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

**IV. ഉയർന്ന വേതനത്തിന് സംരക്ഷണം**

ഏതെങ്കിലും സ്ഥാപനത്തിൽ ഏതെങ്കിലും ജീവനക്കാർക്ക് ഈ വിജ്ഞാപന പ്രകാരം നിശ്ചയിച്ചതിനേക്കാൾ ഉയർന്ന നിരക്കിലുള്ള വേതനം നിലവിൽ നൽകി വരുന്നുണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് അപ്രകാരമുള്ള ഉയർന്ന വേതനത്തിന് തുടർന്നും അർഹതയുണ്ടായിരിക്കുന്നതാണ്.

**V. സമാന തസ്തികകൾ**

ഏതെങ്കിലും തസ്തിക/വിഭാഗം മുകളിൽ കാണിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തപക്ഷം അവർക്ക് സമാന പദവിയിലുള്ള തസ്തികയ്ക്കുവേണ്ടി നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**VI. ദിവസവേതനം**

ഈ വിജ്ഞാപനപ്രകാരം മാസ നിരക്ക് നിശ്ചയിട്ടുള്ള ജീവനക്കാരുടെ വിഭാഗത്തിന്റെ ദിവസവേതനം ആ തസ്തികയ്ക്ക്/വിഭാഗത്തിന് അർഹതപ്പെട്ട മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "എക്സ്പോർട്ട് പ്രോസസ്സിംഗ് സോൺ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് വ്യവസായ" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ജനുവരി 20-ാം തീയതിയിലെ 26905/ഇ1/2010/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.